"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കുറ്റൂർ ഗ്രാമപഞ്ചായത്തിലെ ചക്രശാലന കടവ്-പനച്ചമുട്ടിൽ കടവ് റോഡ് മെയിന്റനൻസ് പ്രവൃത്തിയിലെ ക്രമക്കേട് - ഉത്തരവാദികളായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സാം മാത്യു, പെൻ.500663, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. പ്രമീള പി.പി., പെൻ.-438613 എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (EWA) വകുപ്പ്

G.O.(Rt)No.2093/2026/LSGD തീയതി,തിരുവനന്തപുരം, 05-11-2026

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 18.03.2019 തീയതിയിലെ ഇ12-9956/2018/സിഇ/തസ്വഭവ നമ്പർ കത്തും അനുബന്ധമായുള്ള അന്വേഷണ റിപ്പോർട്ടും.
2. 12.11.2019 തീയതിയിലെ LSGD-EW1/131/2019 നമ്പർ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക.
3. 22.01.2020 തീയതിയിലെ നമ്പർ കുറ്റപത്രം, കുറ്റാരോപണ പത്രിക.
4. ശ്രീമതി. പ്രമീള നായർ, അസിസ്റ്റന്റ് എഞ്ചിനീയർ 03.06.2020 തീയതിയിൽ സമർപ്പിച്ച പ്രതിവാദ പത്രിക.
5. ശ്രീ സാം മാത്യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച പ്രതിവാദ പത്രിക.
6. സ.ഉ(സാധാ) നം.190/2021/LSGD തീയതി 23.01.2021.
7. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 07.06.2021 തീയതിയിലെ E10/9956/2018/CE/LSGD നമ്പർ കത്തും അനുബന്ധമായുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടും.

8 21.03.2022 തീയതിയിലെ 131/ഇഡബ്ലിയു1/19/എൽ.എസ്.ജി.ഡി നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

9 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.07.2024 തീയതിയിലെ LSGD/PD/14951/2023-VIGB1 നമ്പർ കത്ത്.

10 കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 03.11.2025 തീയതിയിലെ A1-2/49/2024-KPSCനമ്പർ കത്ത്.

ഉത്തരവ്

പത്തനംതിട്ട പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പത്തനംതിട്ട ജില്ലാപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ചക്രശാല കടവ്-പനച്ചമൂട്ടിൽ കടവ് റോഡ് നിർമ്മാണത്തിലും റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി ഇവിടെ നേരത്തെ ഉണ്ടായിരുന്ന ജലസേചന കനാലും സംരക്ഷണഭിത്തിയും പൊളിച്ച് വീണ്ടും നിർമ്മിച്ചതിലെ അപാകത സംബന്ധിച്ചും ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

പത്തനംതിട്ട ജില്ലാപഞ്ചായത്തിന്റെ 2017-18 വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കുറ്റൂർ ഗ്രാമപഞ്ചായത്തിലെ ചക്രശാലന കടവ്- പനച്ചമുട്ടിൽ കടവ് റോഡ് മെയിന്റനൻസ് (പ്രോജക്ട് നം. 719/18) എന്ന പ്രവൃത്തിക്ക് 33,29,000/- രൂപയുടെ ഭരണാനുമതിയും, ഇതിന്റെ ബാലൻസ് പ്രവൃത്തികൾക്കായി (പ്രോജക്ട് നം.1069/18) മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 6,80,000/- രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രോജക്ട് നം. 719/18-ൽ 518മീ. നീളത്തിൽ ഓടയും 98മീ. നീളത്തിൽ പാർശ്വഭിത്തി നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പ്രവൃത്തിക്ക് 27,15,000/-രൂപയുടെ സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളതായും ടി പ്രവൃത്തി ശ്രീ. പി. എ. മാത്യു എന്ന കരാറുകാരൻ എസ്റ്റിമേറ്റ് റേറ്റിൽ നിന്നും 2.69% കുറച്ച് ഏറ്റെടുത്തിട്ടുള്ളതായും 23.12.2017ൽ എഗ്രിമെന്റ് വച്ച് 03.01.2018-ൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

പ്രോജക്ട് നം. 1069/18 പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 300മീ. നീളത്തിൽ Dry Rubble Masonry യും റാമ്പും, 102 m^3 Earth Filling- ഉം ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി

പ്രവൃത്തിക്ക് 6,80,000/- രൂപയുടെ സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി ശ്രീ.പി.എ. മാത്യു എന്ന കരാറുകാരൻ 7% കുറഞ്ഞ നിരക്കിൽ ഏറ്റെടുത്ത് 07.03.2018 ൽ എഗ്രിമെന്റ് വച്ചിട്ടുള്ളതായും 19.03.2018-ൽ പ്രവർത്തി ആരംഭിച്ചിട്ടുമുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. നിലവിൽ ഓടയ്ക്ക് 1.20മീ. ആഴമുള്ളതായും ആവശ്യമായ ഔട്ട് ലെറ്റും കവറിംഗ് സ്ലാബും നൽകാതെയും അപ്രായോഗികമായ രീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. ഓടയുടെ സൈഡ് വാളിന് റീഇൻഫോഴ്സ്മെന്റ് നൽകിയിട്ടില്ല. ആയതിനാൽ ശരിയായ സ്ഥലപരിശോധന നടത്താതെയും ആവശ്യമായ ഇനങ്ങൽ ഉൾപ്പെടുത്താതെയുമാണ് ഈ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ ടി റോഡിന്റെ അവസാനഭാഗത്ത് ഏകദേശം 10മീ. നീളത്തിൽ ഓടയുടെ സൈഡ് വാളിന് തകരാറ് സംഭവിച്ചിട്ടുള്ളതായും ടി ഭാഗത്ത് ഏകദേശം 60മീ. നീളത്തിൽ മണ്ണിട്ട് മൂടിയിട്ടുള്ളതായും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഏകദേശം 500മീ. അകലെയുള്ള ഇറിഗേഷൻ കനാലിൽ നിന്ന് പമ്പ് ചെയ്യുന്ന വെള്ളം കൃഷി ആവശ്യങ്ങൾക്കായി കൊണ്ടു വരുന്നതിന് വേണ്ടിയുള്ള ഉദ്ദേശത്തോടെയാണ് ടി ഓട നിർമ്മിച്ചിട്ടുള്ളത് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന വേളയിൽ അറിയിച്ചിട്ടുള്ളത്. നിലവിൽ ടി പ്രവൃത്തി ലക്ഷ്യം കൈവരിക്കാത്ത അവസ്ഥയാണുള്ളത്.

2. മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.സാം മാത്യു (പെൻ.500663) അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.പ്രമീള പി.പി. (പെൻ.-438613) എന്നിവർക്കെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം (2),(3) പ്രകാരം കുറ്റപത്രം, കുറ്റാരോപണപത്രിക എന്നിവ നല്കിയിരുന്നു. ആയതിന് കുറ്റാരോപിതർ സമർപ്പിച്ച പരാമർശ എതിർവാദപത്രികകളിൽ തങ്ങൾക്കെതിരായ ആരോപണങ്ങൾ നിഷേധിച്ചിട്ടുണ്ട്. ശ്രീമതി പ്രമീള പി.പി.-യുടെ എതിർവാദപത്രികയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു:

പദ്ധതി നിർവ്വഹണം തുടങ്ങുന്നതിനു മുമ്പായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും എക്സിക്യൂട്ടീവ് എൻജിനീയറും സ്ഥല പരിശോധന നടത്തിയിരുന്നു. 2018 മാർച്ച് 31 ന് മുമ്പായി 309.8 മീറ്റർ നീളത്തിൽ 90 സെ.മീ. പൊക്കത്തിൽ ഓട നിർമ്മിച്ചിട്ടുള്ളത് തന്റേയും ഓവർസീയറിന്റേയും മേൽനോട്ടത്തിൽ ചെയ്തിട്ടുള്ളതാണ്. ടി ഭാഗത്ത് നാളിതുവരെ യാതൊരു കേടുപാടുകളും സംഭവിച്ചിട്ടില്ല. ബാക്കി 60 മീറ്റർ നീളം തന്റേയോ

ഓവർസീയറുടേയോ അറിവോടെയല്ല നിർമ്മിച്ചിരിക്കുന്നത്. നാട്ടുകാരുടെ ആവശ്യപ്രകാരമാണ് 1.20സെ.മീ. പൊക്കം ഓടയ്ക്ക് നൽകിയതെന്നാണ് കരാറുകാരൻ അറിയിച്ചിരിക്കുന്നത്. ഓടയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പകുതി മാത്രമെ പൂർത്തീകരിച്ചിട്ടുള്ളു. പദ്ധതിയ്ക്കായി യാതൊരു വിധത്തിലുള്ള പേയ്മെന്റ് നൽകിയിട്ടില്ലാത്തതുമാണ്.

ശ്രീ.സാം മാത്യു സമർപ്പിച്ച എതിർവാദ പത്രികയിലും സമാന വാദഗതികൾ തന്നെ ഉന്നയിച്ചു.കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ ചീഫ് എൻജിനിയർ സമർപ്പിച്ച അഭിപ്രായകുറിപ്പ് ചുവടെ ചേർക്കുന്നു;

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 125m നീളത്തിൽ സൈഡ് കെട്ടുന്നതിനും, 518m നീളത്തിൽ സൈഡ് ഓട നിർമ്മിക്കുന്നതിനുമുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാറുകാരൻ ശ്രീ.മാത്യു പി.എ. ഇ-ടെണ്ടർ മുഖേന പ്രവൃത്തി ഏറ്റെടുക്കുകയും 23.12.2017-ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. കോട്ട് തുക 26,39,775/- രൂപ ആയിരുന്നു. പ്രവൃത്തിയുടെ നിർമ്മാണ ഘട്ടത്തിൽ റോഡിന്റെ ബാക്കിഭാഗം കൂടി സൈഡ് മണ്ണ് ഫില്ല് ചെയ്യുകയും ആദ്യ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ നൽകിയിരുന്ന ഓടയുടെ അടിഭാഗത്ത് കല്ല് പാകുകയും ചെയ്തു. വശങ്ങളിലെ വയലുകളിലേയ്ക്ക് ഇറങ്ങാൻ 5 റാമ്പുകൾ ഉൾപ്പെടുത്തുകയും കൂടി ചെയ്താൽ മാത്രമേ റോഡ് ഉപയോഗ യോഗ്യമാക്കാൻ സാധിക്കൂ എന്ന നിർദ്ദേശപ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 7 ലക്ഷം രൂപ അധികമായി വകയിരുത്തി പ്രോജക്ട് പാസാക്കുകയും, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുകയും, ടെണ്ടർ നടപടികളിലൂടെ ആദ്യ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ തന്നെ 07.03.2018-ൽ എഗ്രിമെന്റ് വയ്ക്കുകയും തുടർന്ന് ആദ്യ പ്രവൃത്തി 03.01.2018-ന് ആരംഭിക്കുകയും 64.8 മീ. നീളത്തിൽ കല്ലുകെട്ട്, 309.8 മീ. നീളത്തിൽ ഓട എന്നിവ നിർമ്മിച്ചതിന്റെ പാർട്ട് ബിൽ 28.03.2018-ൽ ടി ഓഫീസിൽ സമർപ്പിച്ചിരുന്നു. പാർട്ട് ബിൽ തുക 8,93,397/- രൂപയായിരുന്നു. രണ്ടാമത്തെ പ്രവൃത്തി 19.03.2018-ൽ ആരംഭിക്കുകയും ഓടയുടെ അടിയിൽ 209.8 മീറ്റർ നീളത്തിൽ കല്ലുപാകൽ, 80 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തിയുടെ വശങ്ങളിൽ മണ്ണ് ഫില്ല് ചെയ്യൽ എന്നീ പ്രവൃത്തികൾ ചെയ്ത് 3,09,564/- രൂപയ്ക്കുള്ള പാർട്ട് ബിൽ ടി ഓഫീസിൽ സമർപ്പിച്ചതായി എക്സി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവൃത്തി ചെയ്തതിന്റെ പേയ്മെന്റ് ലഭിക്കാത്തതിനാൽ കരാറുകാരൻ ബഹു. ഹൈക്കോടതി മുമ്പാകെ W.P(C) 19818/2019,

WP(C) 19590/2019 എന്നീ നമ്പർ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. കരാറുകാരന് ഒരു മാസത്തിനുള്ളിൽ ആദ്യ പാർട്ട് ബിൽ പ്രകാരമുള്ള തുക നൽകാൻ ഹൈക്കോടതി വിധിക്കുകയുണ്ടായി. കുറ്റാരോപണ പത്രികയ്ക്ക് ശ്രീമതി പ്രമീള പി.പി., അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ നാളിതുവരെ ടി പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് കരാറുകാരന് പണം നൽകിയിട്ടില്ലാത്തതിനാൽ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ പണം നഷ്ടപ്പെട്ടിട്ടില്ല എന്ന വാദം അംഗീകരിക്കാനാവില്ല. കുറ്റാരോപണ പത്രികയ്ക്ക് ശ്രീ. സാം മാത്യു സമർപ്പിച്ച മറുപടിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അടിസ്ഥാനരഹിതവും, ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞ് മാറലുമാണ്. പത്തനംതിട്ട ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആദ്യ പാർട്ട് ബില്ലുകളായി 7,14,718/-രൂപയും, 2,47,651/-രൂപയും ഉൾപ്പെടുത്തി ആകെ 9,62,369/- രൂപ 2021 മാർച്ച് മാസത്തിൽ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്ന ഒരുതരത്തിലുമുള്ള ഉപയോഗവും പൊതുജനങ്ങൾക്കും പഞ്ചായത്തിനും കിട്ടിയിട്ടില്ലാത്തതും പ്രോജക്ടിന്റെ ഉദ്ദേശം പൂർത്തീകരിക്കാതെയുമാണ് നിർമ്മാണം നടത്തിയിരിക്കുന്നതും. കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുള്ളതും അതിൻഫലമായി ഉടലെടുത്ത സിവിൽ വ്യവഹാരത്തിൽ പഞ്ചായത്തിന് മേൽ പ്രതികൂലമായ ഹൈക്കോടതി ഉത്തരവുകൾ ഉണ്ടായിട്ടുള്ളതുമാണ്.

3. കുറ്റാരോപിതർ കുറ്റം നിഷേധിച്ചിട്ടുള്ളതിനാൽ ടിയാളുകൾക്കെതിരെ അന്വേഷണം നടത്തുന്നതിനായി പരാമർശം (6) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ചിരുന്നു. പരാമർശം (7) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു;

ഓടയ്ക്ക് 1.20 മീറ്റർ ആഴമുള്ളതായും ആവശ്യമായ ഔട്ലറ്റും (Outlet) കവറിംഗ് സ്ലാബും നൽകാതെയും അപ്രായോഗികമായ രീതിയിലുമാണ് നിർമ്മിച്ചിട്ടുള്ളതെന്നും കാണുന്നു. ഓടയുടെ സൈഡ് വാളിന് (Side Wall) റീഇൻഫോഴ്സ്മെന്റ് നൽകിയിട്ടില്ലാത്തതിനാൽ ശരിയായ സ്ഥല പരിശോധന നടത്താതെയും ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്താതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നു മനസ്സിലാക്കുന്നു. കൂടാതെ ടി റോഡിന്റെ അവസാനഭാഗത്ത് ഏകദേശം 10മീറ്റർ നീളത്തിൽ ഓടയുടെ സൈഡ് വാളിന്

തകരാറ് സംഭവിച്ചിട്ടുള്ളതായും ടി ഭാഗത്ത് ഏകദേശം 60 മീറ്റർ നീളത്തിൽ ഓട മണ്ണിട്ട് മൂടിയിട്ടുള്ളതായും സ്ഥല പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാകുന്നു. ഏകദേശം 500 മീറ്റർ ദൂരെയുള്ള ഇറിഗേഷൻ കനാലിൽനിന്ന് പമ്പ് ചെയ്യുന്ന വെള്ളം കൃഷി ആവശ്യങ്ങൾക്കായി കൊണ്ടു വരുന്നതിന് വേണ്ടിയാണ് ഓട നിർമ്മിച്ചിട്ടുള്ളതെങ്കിലും നിലവിൽ ടി പ്രവൃത്തി ലക്ഷ്യം കൈവരിക്കാത്ത അവസ്ഥയിലാണുള്ളത്. കൂടാതെ കൃഷി ആവശ്യങ്ങൾക്കുള്ള ഓടയാണെന്ന് അസി.എഞ്ചീനീയർ അറിയിച്ചിട്ടുണ്ടെങ്കിലും ടി നിർമ്മാണം കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിലല്ല കാണുന്നത്. ഡ്രയിനേജിന്റെ അകത്തെ വീതി 70 സെ.മീറ്ററും റോഡ് വശം 1.20 മീറ്റർ ഉയരം വരുന്നിടത്ത് 20 സെ.മീറ്റർ വീതിയിലാണ് സിമന്റ് കോൺക്രീറ്റ് 1:3:6 കൊടുത്തിരിക്കുന്നത്. ആയത് അപ്രായോഗികമാണ്. ഓപ്പൺ ടെയിന്റെ അപകടാവസ്ഥ കാരണം സ്ഥലവാസികൾ തന്നെ ഓടയുടെ പല ഭാഗങ്ങളിലും മണ്ണിട്ടു മൂടിയിട്ടുണ്ട്. റോഡ് പ്രൊട്ടക്ഷനു വേണ്ടിയുള്ള ഓടയാണെങ്കിൽ തന്നെയും ഔട്ലറ്റ് ഇല്ലാതെയുള്ള ടി നിർമ്മാണം അനുവദിക്കാവുന്നതല്ല. ഭാവിയിലും ടി ജലം ഒഴുക്കിവിടാനുള്ള സൗകര്യം സൈറ്റിലില്ല. അപാകതകൾ പരിഹരിച്ച് ഉപയോഗപ്രദമാക്കാൻ കഴിയാത്ത രീതിയിലുള്ള നിർമ്മാണമാണിതെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. സാം മാത്യു, അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി പ്രമീള പി.പി. എന്നിവരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്.

4.തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി കുറ്റാരോപിതരെ 23.07.2021, 30.07.2021 തീയതികളിൽ നേരിൽ കേട്ടവേളയിലും കുറ്റാരോപിതർ പ്രതിവാദപത്രികയിലെ വാദങ്ങൾ ആവർത്തിച്ചു. ഓട ജലസേചന കനാലുമായി യോജിപ്പിക്കുന്നതിനുള്ള പ്രോജക്ട് അടുത്ത പദ്ധതിയിൽ ചേർക്കുമെന്ന് ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ അറിയിച്ചിരുന്നെന്നും ആയത് യാഥാർത്ഥ്യം ആകുന്നതോടെയും ചക്രശാലക്കടവ് ഭാഗത്ത് റോഡ് വീതി കൂട്ടി പണിയുന്നതോടെയും ടി പ്രവൃത്തി ജനോപകാരപ്രദമാകുമെന്നും കുറ്റാരോപിതർ അറിയിച്ചു.

5.അന്വേഷണ റിപ്പോർട്ട്, പ്രതിവാദ പത്രിക, ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട്, ഔപചാരിക അന്വേഷണ റിപ്പോർട്ട് എന്നിവ പരിശോധിക്കുമ്പോൾ നിർമ്മിച്ച ഓടയുടെ തുടക്കമോ ഒടുക്കമോ യാതൊരു ജലസംവിധാനങ്ങളുമായി ബന്ധിപ്പിച്ചിട്ടില്ലാത്തതിനാൽ മേൽ

പ്രോജക്ടുകൾ യാതൊരു ഉദ്ദേശ്യലക്ഷ്യങ്ങളും കൈവരിച്ചിട്ടില്ല എന്ന് കാണുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് ശാസ്ത്രീയമായല്ല. പ്രസ്തുത പ്രവൃത്തിയിൽ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കി മേൽനോട്ടം വഹിക്കേണ്ട എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ, 60 മീറ്റർ ഓട നിർമ്മിച്ചത് തങ്ങളുടെ അറിവോടെയല്ല എന്ന വാദം ഉയർത്തുന്നത് അംഗീകരിക്കാനാകില്ല. ഈ വിഷയത്തിൽ ഗുണനിലവാരമില്ലായ്മ, ഉദ്യോഗസ്ഥരുടെ മേൽനോട്ടവീഴ്ച എന്നിവ പ്രകടമാണ്. ടി പദ്ധതി നിലവിൽ ജനോപകാരപ്രദമല്ലാത്തതും ഉപയോഗപ്രദമാക്കാൻ കഴിയാത്ത രീതിയിലുള്ളതുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ജില്ലാ പഞ്ചായത്തിന്റെ പണം നഷ്ടപ്പെട്ടിട്ടില്ല എന്ന വാദം അംഗീകരിക്കാനാകില്ല എന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ വീഴ്ച പ്രകടമായ സാഹചര്യത്തിൽ, ടിയാളുകൾക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്ക നടപടി, ടിയാളുകളുടെ ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ തടയാൻ താത്ക്കാലിക തീരുമാനം കൈക്കൊണ്ട് പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കുറ്റാരോപിതർ സമർപ്പിച്ച മറുപടിയിൽ തങ്ങൾക്കെതിരായ ആരോപണങ്ങൾ നിഷേധിച്ചു. ഇത് സംബന്ധിച്ച തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം (9) റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു

> പദ്ധതി മാർഗ്ഗരേഖ പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റ് റോഡ് പുനരുദ്ധാരണ/പരിപാലന പ്രവൃത്തികൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതാണ്. എന്നാൽ, റോഡ് സംരക്ഷണത്തിനായുള്ള ഡ്രെയിനേജ്/ഓട നിർമ്മാണത്തിന്റെ മറവിൽ, ജലം ഒഴുക്കിവിടുന്നതിനുള്ള സാദാ കനാൽ നിർമ്മാണമാണ് ഫീൽഡിൽ നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ പേരിലും എസ്റ്റിമേറ്റിലും റോഡ് മെയിന്റനൻസ് ആണെന്ന് രേഖാമൂലം കൃത്രിമമായി വരുത്തിതീർത്ത് ചട്ടവിരുദ്ധമായി ഫണ്ട് വിനിയോഗിക്കാൻ ശ്രമിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ എന്നിവർക്ക് നേരിട്ട് പങ്കുള്ളതായി വ്യക്തമാകുന്നു. പദ്ധതി ആരംഭിക്കുന്നതിന് മുൻപ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും സൈറ്റ് സന്ദർശിച്ചിരുന്നതായി പ്രവൃത്തിയുടെ ചുമതലയുണ്ടായിരുന്ന ശ്രീമതി പ്രമീള പി.പി., അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ വ്യക്തമാക്കുന്നു. പ്രവൃത്തി സ്ഥലത്തിന്റെ യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച് എസ്റ്റിമേറ്റിൽ വേണ്ടത്ര ഇനങ്ങൾ ഉൾപ്പെടുത്താതിരുന്നതിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ്

എഞ്ചിനീയർക്ക് പുറമേ, സാങ്കേതികാനുമതി നൽകിയ എക്സ്കിക്യൂട്ടീവ് എഞ്ചിനീയർക്കും സൈറ്റ് പരിശോധന നടത്തിയ അസിസ്റ്റന്റ് എക്സ്കിക്യൂട്ടീവ് എഞ്ചിനീയർക്കും തുല്യ ഉത്തരവാദിത്തമുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെയോ ഓവർസിയറുടെയോ യാതൊരുവിധ മേൽനോട്ടവുമില്ലാതെ കരാറുകാരൻ തന്നിഷ്ടപ്രകാരം 60 മീറ്റർ നീളത്തിലും 1.20 മീറ്റർ ഉയരത്തിലും ഓടയുടെ പാർശ്വഭിത്തി നിർമ്മിക്കുകയുണ്ടായി. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റോഡ് മെയിന്റനൻസ് ഗ്രാന്റ് കനാൽ നിർമ്മാണത്തിന് ഉപയോഗിക്കാൻ പാടില്ലാത്തതാകയാൽ പ്രോജക്ടിന്റെ പേരിലും എസ്റ്റിമേറ്റിലും കൃത്രിമം കാണിച്ച് റോഡ് മെയിന്റനൻസ് പ്രോജക്ട് ആണെന്ന ധാരണ സൃഷ്ടിക്കാനും നിയമപരമാക്കാനും മനഃപൂർവ്വം ശ്രമിച്ചു. ഈ പദ്ധതി നിമിത്തം ഒരു രൂപയുടെ പ്രയോജനം പോലും പൊതുജനങ്ങൾക്ക് കിട്ടിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം വഹിക്കൽ എന്നിവയിൽ ശ്രീമതി പ്രമീള പി.പി. -യുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയെ സാധൂകരിക്കാവുന്നതല്ല. പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സ്കിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ. സാം മാത്യുവിന് പ്രവർത്തിയുടെ മേൽനോട്ട ചുമതല ഉണ്ടായിരുന്നു. ആയത് നിർവ്വഹിക്കുന്നതിൽ ടിയാന്റെ ഭാഗത്ത് വീഴ്ചയുണ്ടായി.

6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട്, ചീഫ് എൻജിനിയർ സമർപ്പിച്ച റിപ്പോർട്ടുകൾ, ഔപചാരിക അന്വേഷണ റിപ്പോർട്ട്, കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രിക, കാരണം കാണിക്കൽ നോട്ടീസിന് നൽകിയ മറുപടി എന്നിവ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശരിയായ സ്ഥലപരിശോധനയും ആസൂത്രണവുമില്ലാതെയാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും കൃത്യമായ മേൽനോട്ടമില്ലാതെയാണ് നിർവഹണം നടത്തിയതെന്നും അപാകതകൾ പരിഹരിക്കാൻ കഴിയാത്ത വിധം പദ്ധതി പരാജയപ്പെട്ടിരിക്കുന്നുവെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ അസിസ്റ്റന്റ് എക്സ്കിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. സാം മാത്യു, അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി പ്രമീള പി.പി. എന്നിവർക്കെതിരെ സ്വീകരിച്ചു വന്ന അച്ചടക്ക നടപടി, ടിയാളുകളുടെ ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ട് തീർപ്പാക്കുന്നത് സംബന്ധിച്ച് ബഹു. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം തേടുകയും പരാമർശം (10) പ്രകാരം സർക്കാർ തീരുമാനത്തോട് യോജിച്ച്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കുവാൻ കമ്മിഷൻ ഉപദേശം നൽകിയിട്ടുമുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പത്തനംതിട്ട ജില്ലാപഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് 2017-18 വർഷത്തിൽ ചക്രശാലന കടവ് - പനച്ചമുട്ടിൽ കടവ് റോഡ് മെയിന്റനൻസ് (പ്രോജ. നം. 719/18) ബാലൻസ് പ്രവൃത്തി (പ്രോജ.നം. 1069/18) എന്നിവ നടപ്പാക്കിയതിലെ ക്രമക്കേടിനുത്തരവാദികളായ പുളിക്കീഴ്

ബ്ലോക്ക് പഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സാം മാത്യു (പെൻ.500663) അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. പ്രമീള പി.പി. (പെൻ.-438613) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ച അച്ചടക്കനടപടി അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (vA) പ്രകാരം ടിയാളുകളുടെ ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ തടയുക എന്ന ശിക്ഷ നല്കി ടിയാളുകൾക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

INDU S

ADDITIONAL SECRETARY

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
2. ശ്രീ. സാം മാത്യു (പെൻ.500663), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം)
3. ശ്രീമതി. പ്രമീള പി.പി. (പെൻ.-438613), അസിസ്റ്റന്റ് എഞ്ചിനീയർ (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം)
4. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) തിരുവനന്തപുരം.
6. തദ്ദേശ സ്വയംഭരണ (EWB) വകുപ്പ്.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,
Digitally signed by Dileep D
Date: 05-11-2026 15:22:38
സെക്ഷൻ ഓഫീസർ